**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജലനില തിരിച്ചുള്ള അപകടസാധ്യതാ മാപ്പിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഭൂഗർഭ ജലനില തിരിച്ചുള്ള അപകടസാധ്യതാ മാപ്പിംഗ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കേരളത്തിലെ ഭൂഗർഭ ജലനില തിരിച്ചുള്ള പ്രത്യേക അപകട സാധ്യതാ മാപ്പിംഗ് ഭൂജലവകുപ്പ് മുഖേന തയ്യാറാക്കിയിട്ടില്ല.<br><br>എന്നാൽ ഭൂജല ഉപഭോഗ നിരക്കിന്റെയും വാർഷിക ഭൂജല സംപോഷണത്തിന്റെയും അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും, കേരള സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച **Ground Water Resource Estimation** റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു. തുടക്കത്തിൽ 5വർഷം എന്ന രീതിയിലും പിന്നീട് 3വർഷം, 2വർഷം എന്ന രീതിയിലും പ്രസ്തുത കണക്കെടുപ്പ് നടത്തിയിട്ടുള്ളതും നിലവിൽ **വർഷത്തിൽ ഒരിക്കൽ** പ്രസ്തുത കണക്കെടുപ്പ് നടത്തി വരുന്നതുമാണ്. പ്രധാനമായും ബ്ലോക്കുകളിൽ ലഭ്യമാകുന്ന മഴയുടെ ഏറ്റക്കുറച്ചിലുകളും, ഭൂജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, ഭൂജല ശാസ്ത്രം, ഭൂജല സംപോഷണം, ഭൂജല വിതാനത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ, ഭൂജല ഗുണനിലവാരം എന്നീ ഘടകങ്ങളിൽ ലഭ്യമാകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലുമാണ് ഇത്തരത്തിൽ പഠനങ്ങൾ നടത്തി, ബ്ലോക്ക് അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നത്. ഏറ്റവും ഒടുവിലത്തെ കണക്കെടുപ്പ് 2025 മാർച്ച് വരെ നടത്തിയിട്ടുള്ളതാണ്. മാർച്ച് 2024-ലെ റിപ്പോർട്ട് ദേശീയ-സംസ്ഥാന തലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഏത് പ്രദേശങ്ങളിലാണ് പ്രത്യേക ഇടപെടൽ നടക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | Ground Water Resource Estimation Report (GEC-2024) പ്രകാരം കേരളത്തിൽ നിലവിൽ 3 ഗുരുതര ബ്ലോക്കുകളും (ചിറ്റൂർ, മലമ്പുഴ, |

| | | | |
|---|---|---|---|
| | | | കാസർഗോഡ്), 29 ഭാഗിക ഗുരുതര ബ്ലോക്കുകളും ഉണ്ട്. ഭൂജല ചൂഷണമുള്ള മേഖലകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്തു വരുന്നുണ്ട്. ഗുരുതര ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയെ സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ഈ പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള തുറന്ന കിണറുകൾ ഒഴികെയുള്ള മറ്റെല്ലാ ഭൂജല നിർമ്മിതികൾക്കും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, ഈ മൂന്ന് ഗുരുതര ബ്ലോക്കുകൾക്കും സംസ്ഥാനത്തെ 29 ഭാഗിക ഗുരുതര (Semi-critical) ബ്ലോക്കുകൾക്കും പ്രത്യേക മുൻഗണന നൽകിക്കൊണ്ട് ഭൂജലനിരപ്പ് നിലനിർത്തുന്നതിനായി കൃത്രിമ ഭൂജല പരിപോഷണ സംവിധാനങ്ങൾ (Artificial Recharge) നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | ഭൂഗർഭജലം സ്വകാര്യമായി അമിതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുവാൻ നിയമപരമായോ, നയപരമായോ ആലോചിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (സി) | ഭൂഗർഭജലത്തിന്റെ അമിതചൂഷണം നിയന്ത്രിക്കുന്നതിനായി നിയമാനുസൃത വ്യവസ്ഥകൾ ഭൂജല വകുപ്പും, സംസ്ഥാന ഭൂജല അതോറിറ്റിയും നടപ്പിലാക്കി വരുന്നു.<br><br>വ്യാവസായിക, അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവശ്യങ്ങൾക്കായുള്ള ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) നിർബന്ധമാക്കിയിട്ടുണ്ട്. NOC ലഭ്യമായ സ്ഥാപനങ്ങളിൽ നിരാക്ഷേപപത്ര വ്യവസ്ഥകളുടെ ഭാഗമായി ഭൂജല സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി കൃത്രിമ ഭൂജല റീചാർജജിംഗ് സംവിധാനങ്ങൾ നിഷ്കർഷിച്ച് ഉറപ്പ് വരുത്തി വരുന്നുണ്ട്. അനുവദിക്കപ്പെട്ട അളവിൽ മാത്രം ഭൂജലം ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കാൻ ഡിജിറ്റൽ വാട്ടർ ഫ്ലോ മീറ്ററുകൾ വിത്ത് ടെലിമെട്രി സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.<br><br>ടാങ്കർ ലോറി വഴിയുള്ള ഭൂജല വിതരണം നിയമവിധേയമാക്കുന്നതിനായി 27/01/2026- ന് G.O.(Rt) No.97/2026/WRD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഉത്തരവ് പ്രകാരം ടാങ്കർ ലോറി വഴിയുള്ള ഭൂജല വിതരണത്തിന് ഭൂജല വകുപ്പ് നൽകുന്ന NOC നിർബന്ധമാക്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ